**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 212

**06.02.2018**-ലെ മറുപടി

## ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ. ടി.എ. അഹമ്മദ് കബീർ**<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.പി.കെ.ബഷീർ** | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജല അതോറിറ്റി വിതരണം നടത്തുന്ന വെള്ളത്തിന്റെ വലിയൊരു ഭാഗവും ചോർച്ച വഴി നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) വിതരണത്തിനായി തയ്യാറാക്കപ്പെട്ട ജലത്തിന്റെ ഒരു ഭാഗം ചോർച്ച കാരണം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത് കണ്ടെത്തി തടയുന്നതിനും പരിഹരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. പുറമെ കാണപ്പെടാത്ത ലീക്കുകൾ കണ്ടു പിടിച്ച് പരിഹരിക്കുവാൻ വേണ്ടി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ചു വരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകളാണ് കൂടുതലും പൊട്ടുന്നത് എന്നതിനാൽ ഇത്തരം പൈപ്പുകൾ കണ്ടെത്തി സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിലും (State Plan Fund) കിഫ്ബിയിലും അമൃത് പദ്ധതിയിലും ഉൾപ്പെടുത്തി അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ബഹു.എം.എൽ.എ. / എം.പി. മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജല നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവർത്തികൾക്ക് 5957.12 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) പ്രധാന നഗരപ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ചോർച്ച ഒഴിവാക്കുന്നതിനും എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; | സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം നടപ്പാക്കുന്നതിന് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി) ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി പ്രധാന നഗര പദ്ധതികൾക്ക് സമാന്തര സ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിന് നെയ്യാർ ഡാം സ്രോതസ്സായി ഒരു പുതിയ ജല ശുദ്ധീകരണ ശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 9 നഗരങ്ങളിൽ ( |

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുവാൻ 140.95 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

ഡി) കുടിവെള്ള വിതരണം സ്മാർട്ടാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഡി) കുടിവെള്ള വിതരണം സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി -

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം മീറ്റർ ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 2.29 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

2. സ്മാർട്ട് ഓഫീസുകൾ നിർമ്മിക്കുന്ന പദ്ധതി -

ഉപഭോക്തൃ സേവനം കേന്ദ്രീകൃത സംവിധാനത്തിലൂടെ വേഗത്തിലും കുറ്റമറ്റ രീതിയിലുമാക്കുന്നതിനായി തിരുവനന്തപുരം നഗരത്തിലെ വെള്ളയമ്പലം, കവടിയാർ, പോങ്ങുമൂട് എന്നിവിടങ്ങളിൽ സ്മാർട്ട് ഓഫീസുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ഇതിലൂടെ ബില്ലടയ്ക്കൽ, പരാതി പരിഹാരം തുടങ്ങിയവ ഉപഭോക്താക്കൾക്ക് ലളിതമായും വേഗത്തിലും കുറ്റമറ്റ രീതിയിലും നടത്താനാവും. കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി 1.75 കോടിയുടെ ഭരണാനുമതിയാണ് ഈ പദ്ധതിക്ക് ലഭ്യമായിട്ടുള്ളത്.

3.ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി -

ജലസംഭരണികളിൽ നിന്നുള്ള പൈപ്പ് ലൈനുകളിൽ ഫ്ലോമീറ്ററുകൾ സ്ഥാപിച്ച് പൈപ്പ് ലൈനുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവ് കണക്കാക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിലൂടെ ജല സംഭരണികളിൽ നിന്നും പൈപ്പ് ലൈനുകൾ വഴി ഒഴുകുന്ന ജലത്തിന്റെ അളവ് കൃത്യമായി കണക്കാക്കി ചോർച്ചകൾ പെട്ടെന്ന് കണ്ടുപിടിച്ച് പരിഹരിക്കുന്നതിനും പാഴായി പോകുന്ന ജലത്തിന്റെ അളവ് കുറയ്ക്കാനും കഴിയും. പ്രസ്തുത പദ്ധതിക്ക് 7.5 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയുക്തമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇന്നവേറ്റീവ് സോൺ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് വ്യക്തികളും സ്റ്റാർട്ട് അപ്പുകളും നിർദ്ദേശിക്കുന്ന നൂതനമായ ആശയങ്ങളിൽ പ്രായോഗികമായത് ഏറ്റെടുത്ത് ആവശ്യമായ ധനസഹായം നൽകി കേരള വാട്ടർ അതോറിറ്റിക്ക് അനുയോജ്യമായ രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ